"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - കൊറോണ വൈറസ് (കോവിഡ് 19) - വ്യാപനം നിയന്ത്രിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുവാൻ വിവിധ വകുപ്പുകളെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

ആരോഗ്യകുടുംബക്ഷേമ(എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.560/2020/ആ.കു.വ തീയതി,തിരുവനന്തപുരം, 11/03/2020

<u>ഉത്തരവ്</u>

കൊറോണ വൈറസ് (കോവിഡ് 19) - ന്റെ വ്യാപനം നിയന്ത്രിക്കുന്നതിന് ഏകോപിപ്പിച്ച് താഴെ പറയുന്ന അടിയന്തര നടപടികൾ സ്വീകരിക്കുവാൻ വിവിധ വകുപ്പുകളെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

1. വിദേശത്തു നിന്നും എത്തുന്ന എല്ലാവരെയും വിമാനത്താവളങ്ങളിൽ വച്ചു തന്നെ പ്രാഥമിക പരിശോധന നടത്തുന്നതിനും, അതിനനുസരിച്ച് ആശുപത്രിയിലോ, വീട്ടിലോ നിരീക്ഷണത്തിന് മാറ്റുന്നതിനും വേണ്ടി ഇപ്പോൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.
2. അടിയന്തര സാഹചര്യങ്ങളിൽ ഐസൊലേഷൻ രോഗനിരീക്ഷണ സംവിധാനങ്ങളൊരുക്കാനുള്ള പ്രവർത്തന പരിപാടിയ്ക്ക് ആരോഗ്യവകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇതിന് അനുയോജ്യമായ സ്ഥലസൗകര്യവും ഭൗതിക സാഹചര്യങ്ങളും ഓരോ ജില്ലയിലും തിട്ടപ്പെടുത്തി പ്രാഥമിക പരിശോധന നടത്തേണ്ടതാണ്.
3. പ്രീ-പ്രൈമറിയും ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ് വരെയുള്ള സ്കൂളുകളും, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴികെയുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും മാർച്ച് 31 വരെ അടച്ചിടേണ്ടതാണ്. ഈ നിയന്ത്രണം സി.ബി.എസ്.സി, ഐ.സി.എസ്.സി. വിദ്യാലയങ്ങൾക്കും അൺ എയിഡഡ് വിദ്യാലയങ്ങൾക്കും ബാധകമാണ്. ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കന്ററി, എസ്.എസ്.എൽ.സി പരീക്ഷകളും, എട്ട്, ഒൻപത് ക്ലാസ്സുകളിലെ പരീക്ഷയും മാറ്റി വയ്ക്കുന്നില്ല. ആ പരീക്ഷകൾ എഴുതാൻ വരുന്നവരിൽ ആർക്കെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ അവരെ പ്രത്യേക മുറിയിൽ പരീക്ഷ എഴുതിക്കേണ്ടതാണ്. . പരീക്ഷ ഒഴികെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു തരം പഠന പ്രവർത്തനവും മാർച്ച് 31 വരെ നടത്താൻ പാടില്ലാത്തതാണ്.ട്യൂഷൻ ക്ലാസുകൾ, സ്പെഷ്യൽ ക്ലാസുകൾ, അവധിക്കാല ക്ലാസ്സുകൾ തുടങ്ങിയവയെല്ലാം ഒഴിവാക്കേണ്ടതാണ്. ഇതിന് വേണ്ട നടപടികൾ ഉന്നതവിദ്യാഭ്യാസ വകുപ്പും, പൊതുവിദ്യാഭ്യാസ വകുപ്പും സ്വീകരിക്കേണ്ടതാണ്. അവധി സംബന്ധിച്ച പൊതു ഉത്തരവ് പൊതുഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിക്കേണ്ടതാണ്.
4. മദ്രസകൾ, അങ്കണവാടികൾ, ട്യൂട്ടോറിയലുകൾ എന്നിവയും മാർച്ച് 31 വരെ അടച്ചിടേണ്ടതാണ്. അങ്കണവാടികളിൽ പോകുന്ന കുട്ടികൾക്കുള്ള ഭക്ഷണം അവരവരുടെ വീടുകളിൽ എത്തിക്കുവാൻ വേണ്ട നടപടികൾ വനിതാ ശിശു ക്ഷേമ വകുപ്പ് സ്വീകരിക്കേണ്ടതാണ്.
5. എല്ലാത്തരം ഉത്സവങ്ങളും, പള്ളിപ്പെരുന്നാളുകളും അതുപോലെയുള്ള മറ്റ് പരിപാടികളും ഒഴിവാക്കുകയും അവ ചടങ്ങുകൾ മാത്രമായി നടത്തേണ്ടതാണ്.. ജനങ്ങളെ കൂട്ടത്തോടെ പങ്കെടുപ്പിക്കുന്ന പരിപാടികൾ

ഒഴിവാക്കുവാൻ ജില്ലാ ഭരണകൂടം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

6. വിവാഹങ്ങൾ വളരെ ചുരുങ്ങിയ രീതിയിൽ മാത്രം നടത്തുവാനും, ഒട്ടനവധി പേർ ദർശനത്തിനുവരുന്ന ആരാധനാലയങ്ങളിൽ ദർശനത്തിനു പോകുന്നത് ഒഴിവാക്കുവാനും പൊതുജനങ്ങളോട് അഭ്യർത്ഥിക്കുന്നു..

7. സിനിമാശാലകൾ മാർച്ച് 31 വരെ അടച്ചിടേണ്ടതാണ്. നാടകം പോലെ ആളുകൾ അധികമായി ഒത്തു ചേരുന്ന കലാ-സാംസ്കാരിക പരിപാടികളും മാറ്റിവെയ്ക്കേണ്ടതാണ്.

8. നിരീക്ഷണത്തിലുള്ള കുടുംബങ്ങളിൽ അർഹരായവർക്ക് ഭക്ഷണമെത്തിക്കാൻ ജില്ലാ ഭരണകൂടം നടപടി സ്വീകരിക്കേണ്ടതാണ്.

9. മന്ത്രിമാർ പങ്കെടുക്കുന്ന പരിപാടികൾ ഉൾപ്പെടെ സർക്കാരുമായി ബന്ധപ്പെട്ട എല്ലാ പൊതു പരിപാടികളും മാറ്റിവെയ്ക്കുന്നതാണ്.

10. സർക്കാരുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും രോഗബാധ നിയന്ത്രിക്കാനുള്ള മുൻകരുതലുകൾ ഏർപ്പെടുത്തുന്നതാണ്. എല്ലായിടത്തും സാനിറ്റൈസർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഡ് മെമ്പർമാരുടെയും ആശാ വർക്കർമാരുടെയും റസിഡൻസ് അസോസിയേഷനുകളുടെയും സഹായത്തോടെ കോവിഡ് 19 രോഗബാധിത പ്രദേശങ്ങളിൽ നിന്നും വന്നിട്ടുള്ളവരുണ്ടോയെന്ന് കണ്ടെത്താൻ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതാണ്.

12. സർക്കാരിന്റെ ഔദ്യോഗിക സംവിധാനങ്ങളിൽ കൂടി നൽകുന്ന വാർത്തകൾ അല്ലാതെ ചില അടിസ്ഥാനരഹിതമായ വാർത്തകൾ പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ഇതിനെതിരെ ശക്തമായ നടപടി ആഭ്യന്തര വകുപ്പ് സ്വീകരിക്കേണ്ടതാണ്.

13. ഇന്റർനെറ്റ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും, മുടക്കമില്ലാതെ പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് കിട്ടാനും ആവശ്യമായ നടപടികൾ ഇലക്ട്രോണിക്സ് & ഐ.റ്റി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

14. പ്രവാസികളായ ഒട്ടനവധിയാളുകൾ അവധിക്കു നാട്ടിലെത്തിയ ശേഷം ഇപ്പോൾ മടങ്ങിപ്പോകാനാകാതെ നാട്ടിലുള്ള സാഹചര്യത്തിൽ ഇത് അവരുടെ ജോലി നഷ്ടപ്പെടുമോ എന്ന ആശങ്കയിലാക്കിയിട്ടുള്ള സാഹചര്യത്തിൽ ഇവരുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നോർക്ക വകുപ്പ് ബന്ധപ്പെട്ട എംബസികളുമായി സംസാരിച്ച് പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്തേണ്ടതാണ്. . അവരുടെ യാത്രാ ടിക്കറ്റുകൾ റദ്ദ് ചെയ്യപ്പെട്ട സാമ്പത്തിക നഷ്ടമുണ്ടാക്കാതെ, അവർക്കു തിരിച്ചു പോകാനാകുന്ന സമയത്തേയ്ക്കു മാറ്റിക്കിട്ടുന്നതിനും വിമാന കമ്പനികളുമായും കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയവുമായും ചർച്ചകൾ നടത്തി തീരുമാനമാക്കേണ്ടതാണ്.. ഇത്തരം ആശങ്കകളും ബുദ്ധിമുട്ടും നേരിടുന്നവർക്കു സഹായം നൽകുന്നതിന് നോർക്ക വകുപ്പ് ഒരു പ്രത്യേക കാൾ സെന്റർ ആരംഭിക്കേണ്ടതാണ്.

15. ആഗോളതല സാമ്പത്തിക വ്യാവസായിക പ്രതിസന്ധി കാരണം മരുന്നുകൾ പോലുള്ള അവശ്യ വസ്തുക്കളുടെ ഉല്പാദനത്തിൽ തടസ്സമുണ്ടാകാനുള്ള സാഹചര്യം കണക്കിലെടുത്ത് ഇത് പരിഹരിക്കുവാൻ വേണ്ട നടപടികൾ വ്യവസായ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടോം ജോസ്**

**ചീഫ് സെക്രട്ടറി**

പകർപ്പ്

പൊതുഭരണ വകുപ്പ്

ആഭ്യന്തര വകുപ്പ്

ധനകാര്യ വകുപ്പ്

ഉന്നതവിദ്യാഭ്യാസ വകുപ്പ്

പൊതുവിദ്യാഭ്യസ വകുപ്പ്

തദ്ദേശസ്വയം ഭരണ വകുപ്പ്

ഇലക്ട്രോണിക്സ് & ഐ.ടി വകുപ്പ്

നോർക്ക വകുപ്പ്

വനിതാ ശിശുക്ഷേമ വകുപ്പ്

ന്യൂനപക്ഷ ക്ഷേമ വകുപ്പ്

പൊതുഭരണ (സി.എസ്) വകുപ്പിന് (10.03.2020 ലെ മന്ത്രിസഭായോഗം തീരുമാനം ഇനം നം.3868 പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SHEENA PAUL
Date: 2020.03.[illegible] 17:28:32 IST
Reason: Approved

സെക്ഷൻ ഓഫീസർ